പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 539** 9-2-2016 ൽ മറുപടിക്ക്

## പൊതു മേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

| ചോദ്യം<br>ശ്രീ.ലൂഡി.ലൂയിസ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ.ശിവദാസൻ നായർ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം സർക്കാർ നൽകിവരുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2011-12 മുതൽ 2015-16 (ജനുവരി-2016) വരെയുള്ള കാലയളവിൽ ഏകദേശം 849.50 കോടി രൂപ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി ഈ സർക്കാർ നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, മികവുറ്റ ഉൽപ്പാദനസംവിധാനം, എന്നിവ നടപ്പിലാക്കി കാര്യക്ഷമത വർദ്ധിപ്പിച്ച് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ആവശ്യമായ പരിശോധനകൾക്കുശേഷം റിയാബ് സമർപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതിരേഖ, സർക്കാർ വീണ്ടും പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയോടുകൂടി ധനസഹായം അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ